➪ പഴുതുകൾ ഇട്ടാണ് സൂത്രശാലിയായ എ.ജി തന്റെ വിരുത് ഇവിടെ പ്രകടമാക്കിയത് ➪

# പുതിയ ഖനന നിയമം കനത്ത ആഘാതമായി മാറും

2015 ഫെബ്രുവരി 7 ന് യാഥാർത്ഥ്യമായ കേരള സർക്കാരിന്റെ പുതിയ ഖനന നിയമം ക്വാറി–ക്രഷർ, മണ്ണു–മണൽ, ഭൂമാഫിയകൾക്ക് എല്ലാവിധ പരിരക്ഷയും നൽകി, ഈ നാട് മുഴുവൻ കുഴിച്ചെടുക്കുന്നതിനുള്ള സൗകര്യമൊരുക്കുകയാണെന്ന്

**എസ്. ബാബുജി**

ക്വാറി-ക്രഷർ സമര ഏകോപന സമിതിയുടെ സംസ്ഥാന കൺവീനറാണ് ലേഖകൻ.

**2015** ഫെബ്രുവരി 7 ന് കേരള സർക്കാരിന്റെ പുതിയ ഖനന നിയമങ്ങൾ അംഗീകരിക്കപ്പെട്ടിരിക്കുകയാണ്. കെ.എം.എം.സി.ആർ (കേരള മൈനർ മിനറൽ കൺസഷൻ റൂൾസ്) 2015 എന്നും കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആന്റ് ട്രാൻസ്പോർട്ടേഷൻ) റൂൾസ് 2015 എന്നും പേരുകളിലാണ് ഇനി ഇവ അറിയപ്പെടുന്നത്. കെ.എം.എം.സി.ആർ 1967 പരിഷ്കരിച്ച് 48 വർഷങ്ങൾക്കുശേഷം പുതിയ രണ്ട് നിയമങ്ങളായി ഇത് മാറ്റിയെഴുതിയിരിക്കുകയാണ്. നിലവിൽ കേന്ദ്ര ഗവൺമെന്റിന്റെ മൈൻസ് ആന്റ് മിനറൽ ഡവലപ്മെന്റ് റൂൾസ് 1957 ലെ (എം.എം.ഡി.ആർ) സെക്ഷൻ 15, 23സി എന്നിവയുടെ അധികാരപരിധിയിൽ നിന്നുകൊണ്ടും 2012 ഫെബ്രുവരി 27 ന് ബഹു. സുപ്രിംകോടതിയുടെ ദീപക്കുമാർ V/S സ്റ്റേറ്റ് ഓഫ് ഹരിയാന കേസിലെ സുപ്രധാനമായ വിധിയെ അംഗീകരിക്കുന്നു എന്ന വ്യാജേനയുമാണ് ഈ പുതിയ ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളത്. എന്നാൽ എല്ലാ ഭരണസംവിധാനങ്ങളെയും സ്വാധീനിക്കാൻ ശേഷിയുള്ള ക്വാറി-ക്രഷർ, മണ്ണു-മണൽ, ഭൂമാഫിയകൾക്ക് എല്ലാവിധ പരിരക്ഷയും നൽകി അവർക്ക് ഈ നാടുമുഴുവൻ കുഴിച്ചെടുക്കുന്നതിനുള്ള സൗകര്യമൊരുക്കലാണ് ഈ നിയമ പരിഷ്കരണത്തിലൂടെ സർക്കാർ ചെയ്തിരിക്കുന്നത്. നിയമങ്ങളിലുട നീളം തികഞ്ഞ അവ്യക്തത നിലനിർത്തി ഏതുരീതിയിലും അവയെ വ്യാഖ്യാനിക്കാനും വക്രീകരിക്കാനും കഴിയുംവിധം പഴുതുകൾ ഇട്ടാണ് സൂത്രശാലിയായ എ.ജി തന്റെ വിരുത് ഇവിടെ പ്രകടമാക്കിയത്.

**പുതിയ ഖനനനിയമം എന്തിന്? ആർക്കുവേണ്ടി?**

1. പരിസ്ഥിതി അനുമതി (എൻവയോൺമെന്റ് ക്ലിയറൻസ് അഥവാ ഇ.സി): 1986 ലെ പരിസ്ഥിതി സംരക്ഷണ നിയമം, 5 ഹെക്ടറിൽ മുകളിലുള്ള മൈനർ മേജർ ഖനനങ്ങൾക്ക് സംസ്ഥാന പരിസ്ഥിതി ആഘാത പഠന അതോറിറ്റിയും 50 ഹെക്ടറിനു മുകളിലുള്ളവയ്ക്ക് കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയവും ഇ.സി നൽകിയ ശേഷമേ അന്തിമ അനുമതി ലഭ്യമാകൂ എന്ന് നിഷ്കർഷിച്ചു. എന്നാൽ 2012 ഫെബ്രുവരി 27 ന് സുപ്രിംകോടതി പുറപ്പെടുവിച്ച വിധിയിൽ 2006 ലെ എം. ഒ.ഇ. എഫ് നോട്ടിഫിക്കേഷനും 2010 ലെ ഖനനങ്ങൾ സംബന്ധിച്ച സമഗ്രപഠന റിപ്പോർട്ടും അവയിലെ നിർദ്ദേശങ്ങളും പരിശോധിച്ച് അവകൂടി തൃപ്തികരമായി കൂട്ടിച്ചേർത്ത് ഖനനങ്ങൾക്ക് പരിസ്ഥിതി അ

നുമതിയും സമഗ്രമായ മൈനിംഗ് പ്ലാനും നിർദ്ദേശിച്ചു. ഇതനുസരിച്ച് 6 മാസത്തിനുള്ളിൽ കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുകളും നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ പരിഷ്കാരങ്ങൾ നടത്തണമെന്നും ഇ.സി ഇല്ലാത്ത ക്വാറികൾ നിർത്തിവയ്ക്കണമെന്നും കൂടി കോടതി പറഞ്ഞു. എന്നാൽ ഇതൊന്നും പരിഗണിക്കാതെ കഴിഞ്ഞ 3 വർഷമായി ആയിരക്കണക്കിന് ക്വാറികൾ, പുതിയവയും പുതുക്കിയവയും കേരളത്തിൽ പ്രവർത്തിക്കുന്നു. ഇപ്രകാരം നിയമവിരുദ്ധമായി കോടികണക്കിന് ടൺ പാറകൾ കവർന്നെടുത്ത് കടത്തികൊണ്ട് പോവുകയും അങ്ങനെ കോടികളുടെ അധിപന്മാരായിമാറുകയും ചെയ്ത ക്വാറി ഉടമകൾ പരിസ്ഥിതിക്കും മനുഷ്യജീവനും വരുത്തിയ ആഘാതത്തിന്റെ വില തിട്ടപ്പെടുത്താൻ ആർക്കുകഴിയും?

വീണ്ടും 2014 ൽ നാഷ്ണൽ ഗ്രീൻ ട്രിബ്യൂണൽ പരിസ്ഥിതി അനുമതിയില്ലാത്ത ക്വാറികൾ നിർത്തിവയ്ക്കാൻ ഉത്തരവാകുന്നു. ഇതനുസരിച്ച് ക്വാറികൾ നിർത്തിവയ്ക്കാൻ സംസ്ഥാനസർക്കാർ  പുറപ്പെടുവിച്ച ഉത്തരവിനെതിരെ അവർ പണിമുടക്കുകയും ഏതാനും ഉടമകൾ ഹൈക്കോടതിയിൽ അപ്പീൽ നൽകുകയും ചെയ്തു. ഒരു ഡസനോളം ക്വാറികൾക്ക് സർക്കാർ ഉത്തവിന്മേൽ സ്റ്റേ ലഭിച്ചു. ഇതിന്റെ മറവിൽ സർവ്വ ഖനനത്തിനും വീണ്ടും സർക്കാർ അനുവാദം നൽകി. സർക്കാർ ക്വാറി മാഫിയ ഒത്തുകളിയാണ് ഇവിടെ പുറത്തുവന്നത്. ഇതിനെതിരെ പരിസ്ഥിതി സംഘടനകളും സമരസമിതികളും നൽകിയ. ഹർജിയിൽ അടക്കം ഇപ്പോൾ വിചാരണ തുടരുകയാണ്. എന്തൊക്കെ നാടകം കളിച്ചാലും കോടതി വിധി തങ്ങൾക്ക് എതിരാകുമെന്ന് ബോദ്ധ്യപ്പെട്ട സർക്കാരും ക്വാറി ഉടമകളും കൂടിച്ചേർന്ന് എ. ജി. ദണ്ഡപാണിയുടെ കുതന്ത്രമൂശയിൽ രൂപപ്പെടുത്തിയതാണ് പുതിയ ഖനനനിയമങ്ങൾ. കോടതിയെ ബോദ്ധ്യപ്പെടുത്താൻ ഈ നിയമത്തിൽ കൂട്ടിച്ചേർത്തതാണ് പരിസ്ഥിതി അനുമതിയും മൈനിംഗ് പ്ലാനും സംബന്ധിച്ച ചട്ടങ്ങൾ. ഇത് ഭരണഘടനേയും കോടതിയേയും ജനങ്ങളേയും വഞ്ചിക്കലാണ്.

**പരിസ്ഥിതി അനുമതി**
**പുതിയ ഖനനനിയമത്തിൽ**

1. പരിസ്ഥിതി അനുമതി സംബന്ധിച്ച ഒരു വിശദാംശങ്ങളും ഇതിൽ രേഖപ്പെടുത്തിയിട്ടില്ല. സെക്ഷൻ  9 ൽ അവ്യക്തമായ ഒരു സൂചനമാത്രം. പരിസ്ഥിതി പഠനത്തിനുള്ള അക്രഡിറ്റഡ് ഏജൻസി സംബന്ധിച്ചോ സംസ്ഥാന പരിസ്ഥിതി പഠന അതോറിറ്റി രൂപരേഖ സംബന്ധിച്ചോ ഒരു കുറിപ്പും ഇതിലില്ല. പരിസ്ഥിതിയനുമതിക്ക് പബ്ലിക് ഹിയറിംഗ് ഇ.പി.എ 1986 കൃത്യമായി നിഷ്കർഷിക്കുന്നു. എന്നാൽ അത്തരമൊരു സൂചനപോലും നിയമത്തിലില്ല.

2. ഇതേ സമയത്തുതന്നെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിക്കുന്ന യോഗ്യതയും വൈദഗ്ധ്യവും പരിജ്ഞാനവും ഉള്ളവരെ മാറ്റി നിർത്തി ക്വാറി – പ്രീണന ശക്തികളുടെ കുഞ്ഞാടുകളെ ഉൾപ്പെടുത്തി അതോറിറ്റിയും കമ്മിറ്റിയും പരിഷ്കരിക്കാനുള്ള സർക്കാരിന്റെ നീക്കം നാണക്കേടുണ്ടാക്കിയിരിക്കുന്നു.

3. 2015 ജനുവരി 9 വരെ അനുവദിച്ചതും പുതുക്കിയതുമായ ക്വാറികൾക്ക് പരിസ്ഥിതി അനുമതി ആവശ്യമില്ലത്രേ. ഇവിടെ രണ്ട് നീതിയാണ്! ഇത്രയുംകാലം ഒരു നിയന്ത്രണവും ഇല്ലാതെ പാറകൾ തുരന്ന് കച്ചവടമാക്കിയവർക്ക് പരിരക്ഷയും ഇനിവരുന്നവർക്ക് അതിന്റെ കൂടി ഭാരവും. ഇത്രയും കാലം തങ്ങൾക്ക് ലക്ഷങ്ങളും കോടികളും സമ്പാദിച്ചുനൽകിയവരോട് ഒരു കടപ്പാടില്ലാതെ പോകരുതല്ലോ. സർക്കാരിന്റെയും രാഷ്ട്രീയ പാർട്ടികളുടെയും ഉദ്യോഗസ്ഥ പ്രമുഖരുടെയും ബിനാമികൾക്ക് എത്ര ക്വാറികളിൽ ഷെയറുണ്ടെന്നും എത്ര കോടികൾ കള്ളപ്പണമായി നിക്ഷേപം ഉണ്ടെന്നും അന്വേഷിച്ചാൽ എന്താകും സ്ഥിതി? രാജാക്കന്മാർ പലരും നഗരാകുമെന്നതിൽ സന്ദേഹമില്ല.

**മൈനിംഗ് പ്ലാൻ**

ഏതൊരു ചെറിയ ഖനനത്തിനും അനുമതി നൽകുമ്പോൾ അതുസംബന്ധിച്ച് വ്യക്തമായ ചിത്രം: ഖനനം ചെയ്യുന്നത് ഏതുതരം മിനറൽ , പ്രതീക്ഷിക്കുന്ന അളവ്, ഉപയോഗിക്കുന്ന യന്ത്രങ്ങളും മറ്റു സാമഗ്രികളും, നഷ്ടപ്പെടുന്ന വൃക്ഷങ്ങളും മറ്റു ജൈവഘടങ്ങളും, പരിസ്ഥിതി ആഘാതങ്ങൾ, പുനരുല്പാദനവും പുനർജീവനവും എന്നിവയെല്ലാം സംബന്ധിച്ച് കൃത്യമായ രൂപരേഖ ഉൾപ്പെട്ടതാണ് മൈനിംഗ് പ്ലാൻ. പരിസ്ഥിതി മന്ത്രാലയം നൽകിയ മാർഗ്ഗനിർദ്ദേശ റിപ്പോർട്ടിൽ ഇവ വിശദമായി പ്രതിപാദിക്കുന്നു. സുപ്രിം കോടതി ഇത് അംഗീകരിച്ചിട്ടുമുണ്ട്.  ഈ വിധിയെ അംഗീകരിച്ചാണ് പുതിയ ഖനനനിയമത്തിൽ 53 മുതൽ 77 വരെയുള്ള സെക്ഷനിലായി പ്രത്യേക ചാപ്റ്ററിൽ മൈനിംഗ് പ്ലാൻ വിശദീകരിച്ചിരിക്കുന്നത്. ഖനനം പൂർത്തിയാക്കി ഉപേക്ഷിക്കുന്ന ക്വാറികളുടെ ശാസ്ത്രീയമായ റിക്ലമേഷനും റീഹാബിലിറ്റേഷനും നിയമത്തിൽ പൂർണ്ണമായും വിട്ടുകളഞ്ഞു.

2003 ലെ ഹൈക്കോടതിയുടെ WP (C) 28521 of 2003 ഉത്തരവിലെ പൊല്യൂട്ടർ പെയിസ് പ്രിൻസിപ്പിൾ പൂർണ്ണമായും ഉപേക്ഷിച്ചിരിക്കുന്നു. റിക്ലമേഷൻ റീഹാബിലിറ്റേഷൻ നടപടികൾക്ക് വേണ്ടി ക്വാറി ഉടമകളിൽ നിന്ന് രൂപീകരിക്കുന്ന ക്വാറി സേഫ്റ്റി ഫണ്ട് സംബന്ധിച്ചും ഇവിടെ അവ്യക്തതയാണ്. മൈനിംഗ് പെർമിറ്റ്/ലീസ് വഴി സ്വരൂപിക്കുന്ന റോയൽറ്റിയിൽ നിന്ന് 10% ഫണ്ട് ഇതിലേക്ക് മാറ്റി വയ്ക്കുന്നതല്ലാതെ ക്വാറി ഉടമകൾക്ക് ഒരു അധികബാദ്ധ്യതയും ഉണ്ടാകുന്നില്ല. (സെക്ഷൻ 63, 65). ഫണ്ട് ബാക്കിയുണ്ടെങ്കിൽ, കളക്ടർ നിനച്ചാൽ ഉപേക്ഷിക്കപ്പെട്ട ക്വാറികൾ വേലികെട്ടി സംരക്ഷിക്കുമത്രേ. ഇതിനകം ക്വാറി കുഴികളിൽ വീണുമരിച്ച മനുഷ്യർക്കുവേണ്ടിയും ഇനിയും മരിക്കാതിരിക്കുന്നതിനുവേണ്ടിയും സർക്കാർ വച്ചുനീട്ടുന്ന സൗജന്യം ! ഇത് ബോധപൂർവ്വമുള്ള നിയമത്തിലെ വെള്ളം ചേർക്കലാണ്, കോടതി വിധികളെ പരിഹസിക്കലാണ്.

മാത്രമല്ല സെക്ഷൻ 77 ൽ സൈന്റിഫിക് മൈനിംഗ് ആന്റ് പ്രൊട്ടക്ഷൻ ഓഫ് എൻവയോൺമെന്റ് എന്ന ഭാഗത്ത് ക്വാറി ഖനനം മൂലം പരിസ്ഥിതിയ്ക്ക് സംഭവിക്കുന്ന ആഘാതങ്ങൾ – അന്തരീക്ഷത്തിൽ കൂടി പരക്കുന്ന വിഷാംശം, വെള്ളത്തിലൂടെ വ്യാപിക്കുന്ന അഴുക്കും ഉച്ഛിഷ്ടങ്ങളും, കഠിനമായ ശബ്ദമലിനീകരണം എന്നിവ 77 ജി, എച്ച്, ഐ ഉപവിഭാഗത്തിൽ അക്കമിട്ട് നിരത്തുന്നുണ്ട്. ക്വാറികൾ സൃഷ്ടിക്കുന്ന അപകടം കൃത്യമായി ബോധ്യമുണ്ടെന്നും അതിന് പരിഹാരമായി എല്ലാ നടപടികളും സ്വീകരിക്കണമെന്നും പറയുന്നു. എങ്ങനെയെന്ന് അറിയില്ല. അന്തരീക്ഷത്തിൽകൂടി വ്യാപിക്കുന്ന പൊടിയും വിഷപ്പുകയും 50 മീറ്റർ മാത്രമേ വ്യാപിക്കാൻ പാടുള്ളൂവെന്ന് എങ്ങനെ ജിയോളജിസ്റ്റിന് പ്രവചിക്കുവാൻ കഴിയും ? ശാസ്ത്രീയ ഖനനം ഒരുവശത്ത് പറയുമ്പോൾ മറുവശത്ത് അതിനെതിരെയുള്ള നിയമങ്ങൾ എഴുതിച്ചേർത്തത് ആരെ രക്ഷിക്കാൻ എന്ന് വ്യക്തമാണ്. എല്ലാറ്റിലും ഉപരി 2016 ഏപ്രിൽ 1 വരെ ഉള്ള ഖനനത്തിന് മൈനിംഗ് പ്ലാൻ ആവശ്യമില്ലായെന്ന് സെക്ഷൻ 12 ൽ എടുത്തുപറയുന്നു. പുതിയ ക്വാറികൾ മാത്രമാണ് പ്രശ്നക്കാർ എന്നാണോ സർക്കാർ കരുതുന്നത്. ഇവിടെ ലക്ഷ്യം വളരെ വ്യക്തമാണ്.

**ഭൂമിക്കുതാഴെയുള്ള ഖനനം**

ഭൂമിക്കുതാഴേയ്ക്ക് ഏതെങ്കിലും കാരണവശാൽ ഗ്രൗണ്ട് വാട്ടർ സിസ്റ്റത്തെ ബാധിക്കുന്നവിധം ഖനനം വേണ്ടിവന്നാൽ പ്രദേശം ഹൈഡ്രോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ പഠനം നടത്തി കുടിവെള്ളത്തേയോ തണ്ണീർത്തടങ്ങളേയോ ഖനനം ഒരുതരത്തിലും ബാധിക്കുകയില്ലായെന്ന് ഉറപ്പാക്കണമെന്ന് സുപ്രിംകോടതി വിധി നിഷ്കർഷിക്കുന്നു. . ഈ വിഷയം നമ്മുടെ ഖനനനിയമത്തിൽ പൂർണ്ണമായും വിട്ടുകളഞ്ഞു. മാത്രമല്ല ഖനനമൂലമുണ്ടാകുന്ന ജലമലിനീകരണത്തിനും ജലസ്രോതസ്സ് നഷ്ടപ്പെടുന്നതിനും നിയമം ഒരു പരിഹാരവും നിർദ്ദേശിക്കുന്നില്ല. കേരളത്തിൽ വ്യാപകമായി ക്വാറികൾ ഭൂമിയിലേക്ക് 100 – 200 അടിവരെ കുഴിച്ചു താഴ്ത്തി ലക്ഷകണക്കിന് ജനങ്ങളുടെ കുടിവെള്ളം ഇല്ലാതാക്കിയതും അവശേഷിച്ചവ വിഷമയമാക്കിയതും പൂർണ്ണമായും മറച്ചുവച്ചാണ് നിയമം തയ്യാറാക്കിയിരിക്കുന്നത്. ഇത് കോടതി അലക്ഷ്യമാണ്. ഭരണഘടനയെ അപമാനിക്കുകയാണ്.

**ഖനനനിയമം 1952, സെക്ഷൻ 3**

പാറകളുടെ മുകൾ നിരപ്പിൽ നിന്ന് 6 മീറ്ററിൽ താഴേക്ക് ഖനനം ഈ നിയമമനുസരിച്ച് ( കെ.എം.എം.സി.ആർ 2015) അനുവദനീയമല്ല. 6 മീറ്ററിൽ കൂടുതൽ ഖനനം ചെയ്താൽ ഇത് മൈൻസ് ആക്ട് 1952 ൽ ഉൾപ്പെടും. 6 മീറ്ററിൽ താഴെ ഉള്ള ഖനനം, 50 ൽ അധികം തൊഴിലാളികളെ നിയമിക്കൽ, സ്ഫോടക വസ്തുക്കൾ ഉപയോഗിക്കൽ എന്നിവ ബാധകമാകുന്ന ക്വാറികൾ മൈൻസ് ആക്ട് 1952 സെക്ഷൻ 3 ൽ ഉൾപ്പെട്ട് വരുന്നു. കേരളത്തിലെ ക്വാറികൾ എല്ലാംതന്നെ 6 മീറ്ററിൽ താഴെയാണ്. 300 മീറ്ററിനുള്ളിൽ വീടുകളോ പാലങ്ങളോ സമാന സ്ഥാപനങ്ങളോ പാടില്ലായെന്നും മൈൻസ് ആക്ട് നിഷ്കർഷിക്കുന്നു. കെ. എം. എം. സി. ആർ 2015 പ്രകാരം അനുമതി ലഭിക്കുന്ന ക്വാറിക്ക് ദൂരപരിധി 50 മീറ്റർ ആണ്. ഈ ക്വാറി 6 മീറ്ററിൽ താഴേക്കുപോയാൽ ഖനനനിയമം 1952 ബാധകമാകും. അപ്പോൾ 50 മീറ്ററിനുള്ളിലെ വീട് 300 മീറ്റർ അകലേയ്ക്ക് എങ്ങനെ മാറ്റാൻ കഴിയും. സ്വാഭാവികമായും കേരളത്തിൽ കുറഞ്ഞ ദൂരപരിധി 300 നുമേൽ എന്ന് നിശ്ചയിക്കേണ്ടി വരും. അല്ലാത്തവ കോടതിവിധിയെ ലംഘിക്കുന്നവയാണ്. ഇതിന് സർക്കാർ തയ്യാറാവണം അതനുസരിച്ച് ഖനനനിയമത്തിൽ മാറ്റമുണ്ടാകണം. മാത്രമല്ല ഇതര സംസ്ഥാനങ്ങളിൽ ഈ ദൂരപരിധി 300 മുതൽ 500 വരെയാണ് നിശ്ചയിച്ചിട്ടുള്ളത്. എന്തുകൊണ്ട് നമുക്കുമാത്രം 50 മീറ്റർ ? ആയതിനാൽ ക്വാറികളുടെ ദൂരപരിധി 500 മീറ്റർ എന്ന് ഈ സമിതി ആവശ്യപ്പെടുന്നു.

**ശാസ്ത്രീയ ഖനനവും ജിയോളജിസ്റ്റും**

പരിസ്ഥിതിക്കും അതിലെ ജൈവഘടനയ്ക്കും ആഘാതമുണ്ടാകാത്തവിധം ഖനനം നടത്തണമെന്ന് 77-ാം വകുപ്പ് ഒഴുക്കൻമട്ടിൽ പറഞ്ഞുപോകുന്നു. പാറപൊട്ടിക്കുമ്പോൾ പൊടിയും വിഷപുകയും എത്രയകലെവരെ വ്യാപിക്കുമെന്ന് എങ്ങനെ അറിയാം. പാറയുടെ ഉയരവും കാറ്റിന്റെ വേഗതയും ഗതിയും ഉപയോഗിക്കുന്ന സ്ഫോടകവസ്തുവിന്റെ ശക്തിയും അളവും എല്ലാം പഠിച്ച് ഈ വിഷയത്തിൽ പ്രാവീണ്യമുള്ളവർക്കുമാത്രമേ ആഘാതം നിർണ്ണയിക്കാൻ കഴിയൂ എന്നിരിക്കെ കേവലം ജിയോളജിസ്റ്റിന് ദൂരപരിധി നിർണ്ണയിക്കാൻ എങ്ങനെ കഴിയും. അതുപോലെ തന്നെ വെള്ളത്തിൽ കലരാൻ സാധ്യതയുള്ള വിഷകാരിയായ മാലിന്യങ്ങളെ സംബന്ധിച്ചും ഗ്രൗണ്ട് വാട്ടർ ടേബിൾ സംബന്ധിച്ചും കുഴിച്ചു താഴ്ത്താവുന്ന പരിധി സംബന്ധിച്ചും ജിയോളജിസ്റ്റിന് തീരുമാനിക്കാനാവില്ല. ഒരു വിദഗ്ധ സമിതിയുടെ തീരുമാനം ഇവിടെ അനിവാര്യമാണ്. ഖനനനിയമത്തിൽ ഇങ്ങനെയൊരു കാര്യമേയില്ല.

**കുന്നുകളും മലകളും എത്രയും നികത്താം**

300 ച.മീ. വിസ്തൃതിയിൽ കെട്ടിട നിർമ്മാണത്തിന് പഞ്ചായത്ത് അനുമതി ഉണ്ടെങ്കിൽ സ്ഥല വിസ്തൃതി എത്രയായാലും അതിൽ നിന്നും എത്ര അളവുവരെയും മണ്ണെടുക്കാം. ഇവ കടത്തികൊണ്ട് പോകുന്നതിന് വേണ്ട പാസ് ജിയോളജിസ്റ്റിൽ നിന്ന് ലഭിക്കും. നിശ്ചിത ഫീസും പാസിന്റെ ആവശ്യമനുസരിച്ച് കീശപ്പണവും നൽകണമെന്ന് മാത്രം. ഇവിടെ ശാസ്ത്രീയ ഖനനമോ പരിസ്ഥിതി ആഘാതമോ ഒന്നും പ്രശ്നമല്ല. ഇതുമൂലം നികത്തപ്പെടുന്ന തണ്ണീർത്തടങ്ങളും ആർക്കും പ്രശ്നമല്ല. ചട്ടവിരുദ്ധവും ജനവിരുദ്ധവുമാണ് സെക്ഷൻ 14. ഇത് ഒഴിവാക്കണം. ഇങ്ങനെ ഭരണഘടനാപരമായും ജനാധിപത്യപരമായും തികച്ചും കുറ്റകരമായ നടപടിയാണ് കെ.എം.എം.സി.ആർ 2015 രൂപീകരിച്ച് അംഗീകരിക്കുന്നതിലൂടെ കേരള സർക്കാർ ചെയ്തിരിക്കുന്നത്. ഇത് സാധാരണ ജനങ്ങളുടെ ജീവിക്കാനുള്ള മൗലിക അവകാശങ്ങൾ ഒരുപിടി സമ്പന്നർക്കുവേണ്ടി കവർന്നെടുക്കലാണ്. സമഗ്രമായ ഒരു പൊളിച്ചെഴുത്താണ് കേരളത്തിനും ജനങ്ങൾക്കും കരണീയം. ഇതിന് ഗവൺമെന്റിന്റെ മേൽ ശക്തമായ ജനകീയസമ്മർദ്ദം രൂപപ്പെടേണ്ടിയിരിക്കുന്നു. ഇതിനായി നമ്മുടെ പങ്ക് ഏറ്റെടുക്കുകയാണ് ഉടൻ വേണ്ടത്. ■

## ക്വാറി മാഫിയ രാഷ്ട്രീയ കൂട്ടുകെട്ടിനെതിരെ

# കേരളം മുതലമടയിലെത്തി

പാലക്കാട് ജില്ലയിലെ മുതലമടയിൽ പ്രവർത്തിക്കുന്ന അനധികൃത ക്വാറികൾക്കെതിരെ സമരം ചെയ്യുന്ന പരിസ്ഥിതി പ്രവർത്തകരെ കയ്യേറ്റം ചെയ്തതിൽ പ്രതിഷേധിച്ച് വിവിധ സംഘടനകൾ ചേർന്ന് ഏപ്രിൽ 19ന് നടത്തിയ ജനകീയ പ്രതിരോധ സംഗമം ശക്തമായ പ്രതിഷേധ വേദിയായി മാറി. അക്രമത്തിന് ചുക്കാൻ പിടിച്ച ബി.ജെ.പി, യുവമോർച്ച, ക്വാറി മാഫിയ ഗുണ്ടകളെ അറസ്റ്റുചെയ്യണമെന്ന് ആവശ്യപ്പെട്ടാണ് കേരളം മുതലമടയിലേക്ക് എന്ന പേരിൽ സംഗമം സംഘടിപ്പിക്കപ്പെട്ടത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ക്രഷർ-ക്വാറി വിരുദ്ധ സമരങ്ങളുടെ പ്രതിനിധികളും വിവിധ പരിസ്ഥിതി-രാഷ്ട്രീയ സംഘടനകളുടെ പ്രതിനിധികളും പങ്കെടുത്ത സംഗമം ഏകതാപരിഷത്ത് ദേശീയ നേതാവ് പി.വി. രാജഗോപാൽ ഉദ്ഘാടനം ചെയ്തു. മുപ്പതിൽ അധികം വരുന്ന വിവിധ ക്വാറിവിരുദ്ധ സമരങ്ങളുടെ പ്രതിനിധികളും സംഗമത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് സംസാരിച്ചു. ഉച്ചതിരിഞ്ഞ് മുതലമട പഞ്ചായത്ത് ഓഫീസിന് മുന്നിൽ നിന്നും കാമ്പ്രത്ത്ചള്ള സെന്ററിലേക്ക് അഞ്ഞൂറിൽ അധികം ആളുകൾ പങ്കെടുത്ത പ്രകടനവും തുടർന്ന് പൊതുയോഗവും നടന്നു. വി.ടി. ബലറാം എം.എൽ.എ പൊതുയോഗത്തിൽ മുഖ്യപ്രഭാഷണം നടത്തി. ശക്തമായ പ്രതിഷേധ പരിപാടിയെ തുടർന്ന് അക്രമത്തിന് നേതൃത്വം നൽകിയ പ്രാദേശിക ബി.ജെ.പി പ്രവർത്തകർക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമം 307-ാം വകുപ്പ് പ്രകാരം വധശ്രമത്തിന് കൊല്ലങ്കോട് പോലീസ് കേസെടുത്തു.

**എന്താണ് മുതലമടയിൽ നടന്നത്?**

പശ്ചിമഘട്ട മലനിരകളുടെ താഴ്‌വാരത്ത് പ്രവർത്തിക്കുന്ന വൻകിട ക്വാറികളായ ഫൈവ്സ്റ്റാർ, എ-വൺ, തോംസൺ തുടങ്ങിയ ഒട്ടനവധി അനധികൃത ക്വാറികൾക്കെതിരെ നാളുകളായി മുതലമടക്കാർ സമരം ചെയ്തുകൊണ്ടിരിക്കുകയാണ്. വർഷങ്ങളായി നിബന്ധനകൾ ലംഘിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വലിയ ക്വാറിയായ ഫൈവ്സ്റ്റാർ മെറ്റൽസിന് നിലവിൽ ഖനനാനുമതിയില്ല. എ-വൺ സാൻഡ്സ് എന്ന മറ്റൊരു വലിയ ക്വാറിക്ക് നേരത്തെ പൊട്ടിച്ച പാറ ക്രഷ് ചെയ്ത് കൊണ്ടുപോകുന്നതിനുള്ള അനുമതി മാത്രമാണ് ഇപ്പോഴുള്ളത്. സാങ്കേതിക കാരണങ്ങളാൽ മാത്രം പ്രവർത്തനം തുടരുന്ന മറ്റൊരു വലിയ ക്വാറിയായ തോംസൺ ഗ്രൂപ്പിന്റെ പാറമടയ്ക്കെതിരെയും നിയമ

⇨ അവർ കൊല്ലങ്കോട് പോലീസ് സ്റ്റേഷനിൽ അഭയം തേടിയതിനെ തുടർന്നാണ് ഗുണ്ടകൾ പിന്മാറിയത് ⇨




2015 ഏപ്രിൽ 19ന് മുതലമടയിൽ നടന്ന പ്രതിഷേധ മാർച്ചിൽ നിന്നും

പോരാട്ടം തുടരുകയാണ്. അതിനിടെയാണ്, നിലവിലുള്ള നിയന്ത്രണങ്ങൾ പ്രകാരം വൈകീട്ട് ആറ് മണിക്ക് ശേഷം ക്രഷർ പ്രവർത്തിപ്പിക്കുന്നതിനോ ടിപ്പറിൽ കല്ല് കയറ്റിക്കൊണ്ട് പോകുന്നതിനോ അനുമതിയില്ല എന്നിരിക്കെ അതിനെ ചോദ്യം ചെയ്തതിന്റെ പേരിലാണ് 2015 മാർച്ച് 25ന് മുതലമടയിൽ പരിസ്ഥിതി-സാമൂഹിക പ്രവർത്തകർക്ക് നേരെ ആദ്യം ആക്രമണമുണ്ടാകുന്നത്. മൂച്ചംകുണ്ട് ഫൈവ്സ്റ്റാർ മെറ്റൽസ് എന്ന ക്വാറിയിൽ നിന്നും അനുവദിക്കപ്പെട്ട സമയവും കഴിഞ്ഞ് വന്ന ഒരു ടിപ്പർ ലോറി അറുമുഖൻ പത്തിച്ചറ, രാജൻ മാഷ് തുടങ്ങിയ സമരപ്രവർത്തകർ ചേർന്ന് തടയുകയും വിശദീകരണം ആരായുകയും ചെയ്തതിനെ തുടർന്ന് ബി.ജെ.പി-യുവമോർച്ച-ക്വാറി മാഫിയ ഗുണ്ടകൾ സ്ഥലത്തെത്തി അവരെ തടുക്കുകയും കൊലപ്പെടുത്താൻ ശ്രമിക്കുകയുമായിരുന്നു. ആക്രമണത്തെ തുടർന്ന് സംഭവസ്ഥലത്ത് നിന്നും കാറിൽ രക്ഷപെടാൻ ശ്രമിച്ച ഇവരെ പത്ത് കിലോമീറ്ററോളം ദൂരം ഗുണ്ടകൾ പിന്തുടരുകയും കാറിന് നേരെ വടിവാൾ ഉപയോഗിച്ച് വെട്ടുകയും ചെയ്തു. അവർ കൊല്ലങ്കോട് പോലീസ് സ്റ്റേഷനിൽ അഭയം തേടിയതിനെ തുടർന്നാണ് ഗുണ്ടകൾ പിന്മാറിയത്. കൊല്ലങ്കോട് പോലീസാണ് അവരെ പിന്നീട് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. സംഭവത്തിൽ പ്രതിഷേധിച്ച് അടുത്ത ദിവസം (മാർച്ച് 26ന്) മുതലമട സെന്ററിൽ പ്രതിഷേധ പ്രകടനം നടത്തിയ നാട്ടുകാർക്കും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ സാമൂഹിക പ്രവർത്തകർക്കും നേരെ ബി.ജെ.പി-യുവമോർച്ച സംഘം വീണ്ടും അക്രമം അഴിച്ചുവിട്ടു. സംഘർഷ സാധ്യത നിലനിന്നിരുന്ന സ്ഥലമായിരുന്നിട്ടും നാല് പോലീസുകാർ മാത്രമാണ് അവിടെ നിയോഗിക്കപ്പെട്ടിരുന്നത്. അക്രമം തടയുന്നതിൽ ഇവർ പുലർത്തിയ നിസ്സംഗതയും ഗുണ്ടകളുടെ അഴിഞ്ഞാട്ടത്തിന് വഴിയൊരുക്കി. പ്ലാച്ചിമട സമര സമിതി ചെയർമാൻ വിളയോടി വേണുഗോപാൽ, ശക്തിവേൽ, മുരുകേശൻ, ആദിവാസി സംരക്ഷണ സംഘം നേതാവും ക്വാറി വിരുദ്ധ സമരപ്രവർത്തകനുമായ നീലിപ്പാറ മാരിയപ്പൻ, പട്ടികജാതി പട്ടികവർഗ്ഗ സംരക്ഷണ മുന്നണി നേതാവ് വിജയൻ അമ്പലക്കാടൻ, പ്ലാച്ചിമട ഐക്യദാർഢ്യ സമിതി കൺവീനർ കെ.വി. ബിജു, ആം ആദ്മി പാർട്ടി നേതാവ് പത്മനാഭൻ, യൂത്ത്ഡയലോഗ് പ്രവർത്തകരായ സന്തോഷ്, റംസീന, റിയാസ് തുടങ്ങി പ്രകടനത്തിൽ പങ്കെടുക്കാൻ ജില്ലയുടെയും സംസ്ഥാനത്തിന്റെയും വിവിധ ഭാഗങ്ങളിൽ നിന്നും എത്തിയവർക്കും നാട്ടുകാരായ സ്ത്രീകൾ അടക്കമുള്ള അനേകം സമരപ്രവർത്തകർക്കും മർദ്ദനമേറ്റു. ഫൈവ്സ്റ്റാർ മെറ്റൽസ് ക്വാറി ഉടമകളുടെ വാടക ഗുണ്ടകളായി ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തകർ മാറുന്നതിന്റെ ദയനീയ ചിത്രമാണ് മുതലമടയിൽ കണ്ടത്. ഇത് കേരളത്തിലെ ഒറ്റപ്പെട്ട സംഭവമല്ലെന്നാണ് ഏപ്രിൽ 19ന് മുതലമടിൽ വച്ച് നടന്ന പ്രതിരോധ സംഗമത്തിൽ പങ്കെടുക്കാനെത്തിയ മറ്റ് ക്വാറിവിരുദ്ധ സമരങ്ങളുടെ അനുഭവങ്ങൾ വ്യക്തമാക്കുന്നത്. ക്രഷർ ക്വാറിവിരുദ്ധ സമരങ്ങളുടെ ഐക്യനിര രൂപപ്പെടുത്തിക്കൊണ്ട് നടക്കുന്ന ശക്തമായ സമരങ്ങൾ തന്നെയാണ് പരിഹാരം എന്ന നിർദ്ദേശമാണ് മുതലമടയിലെ പ്രതിഷേധ പരിപാടിയും അന്തിമമായി രൂപപ്പെടുന്നത്. ■